# കേരളസർവകലാശാല

നം.പി.ആർ.199/2021

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം 2021 1st സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. കോളേജ് പ്രവേശനം ഒക്ടോബർ 4 മുതൽ 06 വരെ

കേരളസർവകലാശാലയിലെ ഒന്നാംവർഷ ബിരുദ പ്രവേശനത്തിനായുള്ള 1st സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. ഒക്ടോബർ 4 മുതൽ 6 വരെയാണ് അഡ്മിഷൻ എടുക്കേണ്ടത്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിതതീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ, നിലവിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത ഓപ്ഷനിൽ തുടരാൻ സാധിക്കുന്നതല്ല. ഒക്ടോബർ 6 ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതും അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താകുന്നതുമാണെന്ന കാര്യം ശ്രദ്ധിക്കുക.

പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. **Permanent** അഡ്മിഷൻ എടുക്കുന്നതിന് വിദ്യാർത്ഥികൾ നേരിട്ട് കോളേജിൽ ഹാജരാകേണ്ടതാണ് എന്ന കാര്യം ശ്രദ്ധിക്കുക.

കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## കേരള സർവകലാശാല
## ഒന്നാം വർഷ ബിരുദ പ്രവേശനം 2021
## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. ഒക്ടോബർ 4 മുതൽ 6 വരെയാണ് കോളേജ് പ്രവേശനം. റാങ്ക് ലിസ്റ്റിൽ ഓരോ

വിദ്യാർത്ഥിയുടെയും പേരിനു നേർക്ക് കോളേജിൽ കൗൺസിലിംഗിനായി ഹാജരാകേണ്ട തീയതിയും സമയവും നൽകിയിട്ടുണ്ട്.

റാങ്ക് ലിസ്റ്റിൽ ഹാജരാകാൻ സമയം തന്നിട്ടുള്ളവർ മാത്രമേ കോളേജിൽ ഹാജരാകാവൂ. ആദ്യ 100 റാങ്ക് വരെയുള്ളവർക്ക് മാത്രമാണ് ആദ്യ ഘട്ടത്തിൽ കൗൺസിലിംഗ് നടത്തുന്നത്. സീറ്റുകൾ ബാക്കിയാവുന്ന പക്ഷം മാത്രം രണ്ടാം ഘട്ട കൗൺസിലിങ് നടത്തുന്നതാണ്. അതിനുള്ള തീയതിയും സമയവും പിന്നീട് അറിയിക്കും.

എല്ലാ കോളേജുകളിലും ഒരു കോഴ്സിന് ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷാകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നത് എങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർഥി ഒപ്പിട്ട **authorization letter** എന്നിവ ഹാജരാക്കണം. റാങ്ക് ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കൃത്യ സമയത്തു തന്നെ വിദ്യാർഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരായിരിക്കേണ്ടതാണ്. റാങ്ക് അനുസരിച്ചാണ് കൗൺസിലിങ്. റാങ്ക് വിളിക്കുന്ന സമയം വിദ്യാർഥിയോ പ്രതിനിധിയോ ഹാജരില്ല എങ്കിൽ റാങ്ക് ലിസ്റ്റിലെ അടുത്തയാളെ വിളിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് അവകാശപ്പെടാൻ സാധിക്കില്ല.

ഓരോ കോഴ്സിനും നിശ്ചിത എണ്ണം സീറ്റുകൾ മാത്രമാണ് കമ്മ്യൂണിറ്റി ക്വാട്ടയിൽ ഉള്ളത്. സീറ്റുകളുടെ എണ്ണം കോളേജിൽ പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടു എന്നതും കൗൺസിലിംഗിന് സമയം അനുവദിച്ചു എന്നതും കൊണ്ട് സീറ്റ് ഉറപ്പാകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

അഡ്മിഷന് ഹാജരാകുന്നവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ അലോട്ട്മെന്റ് മുഖേന മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളവർ അഡ്മിറ്റ് മെമ്മോ ഹാജരാക്കണം. അങ്ങനെയുള്ളവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ചു എന്ന് ഉറപ്പായാൽ മാത്രം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ, അലോട്ട്മെന്റിലൂടെ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി തുടർ നടപടികൾ പൂർത്തിയാക്കണം. പ്രിൻസിപ്പാൾ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിങ്ങിൽ നികത്തുന്നതുമാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല.

അഡ്മിഷൻ ലഭിക്കുന്നവർ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അവരുടെ പ്രൊഫൈലിൽ നിന്നും ഓൺലൈനായി അടക്കേണ്ടതാണ്. ഇതിനുള്ള ലിങ്ക് കോളേജിൽ നിന്നും ആക്റ്റീവ് ആക്കി നൽകും. യൂണിവേഴ്സിറ്റി ഫീസിന്റെ വിശദാംശങ്ങൾ പ്രോസ്പെക്ടസ്സിൽ നൽകിയിട്ടുണ്ട്. അതോടൊപ്പം കോളേജിൽ അടക്കേണ്ട നിശ്ചിത ഫീസും ഒടുക്കേണ്ടതാണ്. **Temporary**/താത്കാലിക അഡ്മിഷൻ കമ്മ്യൂണിറ്റി ക്വാട്ടയിൽ ബാധകമല്ല എന്ന കാര്യം ശ്രദ്ധിക്കുക.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## കേരളസർവകലാശാല എം.എഡ്. പ്രവേശനം 2021 – 22

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ എന്നിവിടങ്ങളിലെ 2021 – 22 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ എം.എഡ്. പ്രവേശനത്തിന് അതാത് കോളേജുകളിൽ നിന്നും അപേക്ഷാഫോം വിതരണം ആരംഭിച്ചു. അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 11. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ അവസാന വർഷ ബി.എ. (ആന്വൽ) പാർട്ട് മൂന്ന് മെയിൻ മലയാളം, ഹിന്ദി, സംസ്കൃതം സ്പെഷ്യൽ, ഫിലോസഫി, പൊളിറ്റിക്സ്, ഹിസ്റ്ററി പരീക്ഷകളുടേയും, ബി.എ. അഫ്സൽ-ഉൽ-ഉലാമ അവസാന വർഷ പരീക്ഷയുടേയും (ഏപ്രിൽ 2021 സെഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഒക്ടോബർ 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ എം.ഫിൽ. ഹിസ്റ്ററി 2019 – 2020 ബാച്ച്, 2021 ജൂണിൽ നടത്തിയ എം.കോം. 2019 – 2021 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ.അറബിക് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എ. ഇസ്ലാമിക് ഹിസ്റ്ററി, എം.എസ്സി. ഹോം സയൻസ് (ഫുഡ് & ന്യൂട്രീഷ്യൻ, ഫാമിലി റിസോഴ്സ് മാനേജ്മെന്റ്, ന്യൂട്രീഷ്യൻ ആന്റ് ഡയറ്ററ്റിക്സ് ആന്റ് എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 12 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 മേയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എസ്സി. എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് പ്രോഗ്രാമിന്റെ പ്രാക്ടിക്കൽ 2021 ഒക്ടോബർ 20, 21, 22 തീയതികളിൽ ബന്ധപ്പെട്ട പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മേയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ. (മൃദംഗം) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് 2021 സെപ്റ്റംബർ 5 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 സെപ്റ്റംബർ 27 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.എസ്സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248) കോഴ്സിന്റെ കെമിസ്ട്രി (കോംപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 7 ന് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.
ഒക്ടോബർ 5 ന് ആലപ്പുഴ എസ്.ഡി.വി. കോളേജിൽ വച്ച് നടത്താനിരുന്ന ബി.എസ്സി. ബയോടെക്നോളജി (350) നാലാം സെമസ്റ്റർ കെമിസ്ട്രി – (കോർ) പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 7 ന് അതേ പരീക്ഷാകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്.

കേരളസർവകലാശാലയുടെ 2021 ഒക്ടോബർ 5 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. മ്യൂസിക് (എഫ്.ഡി.പി.) (റെഗുലർ – 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2018 അഡ്മിഷൻ, സപ്ലിമെന്ററി – 2017, 2016, 2015 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൈംടേബിൾ

കേരളസർവകലാശാല 2021 ഒക്ടോബർ 5 ന് ആരംഭിക്കാനിരുന്ന പിഎച്ച്.ഡി. കോഴ്സ്വർക്ക് പരീക്ഷ (ജൂലൈ 2021 സെഷൻ) 2021 ഒക്ടോബർ 25, 26, 27, 28 തീയതികളിൽ നടത്തുന്നതാണ്. പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം. ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് സി.ബി.സി.എസ്.എസ്. കരിയർ റിലേറ്റഡ്, 2020 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി എന്നീ പരീക്ഷകളുടെ സൂക്ഷ്പരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡ്/ഹാൾടിക്കറ്റുമായി (ഇ.ജെ.III – മൂന്ന്) സെക്ഷനിൽ ഒക്ടോബർ 4 മുതൽ 12 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ ബി.കോം. (എസ്.ഡി.ഇ.) അഞ്ചാം സെമസ്റ്റർ (ഏപ്രിൽ 2021) പരീക്ഷാഫലം പ്രസിദ്ധീകരിച്ച വിദ്യാർത്ഥികൾക്ക് ഒക്ടോബർ 8 വരെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഫ്ലൈനായി അപേക്ഷിക്കാം.

## യു.ഐ.എം. – എം.ബി.എ. കൗൺസിലിംഗ്

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (യു.ഐ.എം) എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്ക് 2021 – 23 വർഷത്തെ പ്രവേശനത്തിനുള്ള കൗൺസിലിംഗ് കാര്യവട്ടത്തെ ഗോൾഡൻ ജൂബിലി ഹാളിൽ ഒക്ടോബർ 4 മുതൽ നടത്തുന്നതാണ്. പ്രൊവിഷണൽ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ഒന്നാം വർഷ ബി.ടെക്. –
## എൻ.ആർ.ഐ. സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ കീഴിലുള്ള കാര്യവട്ടം എഞ്ചിനീയറിംഗ് കോളേജിലെ ഒന്നാം വർഷ ബി.ടെക്. കോഴ്സിൽ ഒഴിവുള്ള 4 എൻ.ആർ.ഐ. സീറ്റുകളിലേക്ക് (ഇ.സി.ഇ – 3 & ഐ.ടി. – 1) അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് www.ucek.in സന്ദർശിക്കുക. ഫോൺ: 9447125125, 8129602033, 9388011160

## ലൈബ്രറി അസിസ്റ്റന്റ് – ഇന്റർവ്യൂ

കേരളസർവകലാശാലയുടെ കീഴിലുള്ള വിവിധ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുകളിൽ കരാറടിസ്ഥാനത്തിൽ ലൈബ്രറി അസിസ്റ്റന്റിനെ നിയമിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭിമുഖം ഒക്ടോബർ 11, 12, 13 തീയതികളിൽ കേരളസർവകലാശാല പാളയം സെനറ്റ് ഹാൾ ക്യാമ്പസിൽ വച്ച് നടത്തുന്നു. ആയതിലേക്കുള്ള അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ ഇ-മെയിലിൽ ലഭ്യമാക്കുന്നതാണ്.

## എസ്.സി, എസ്.ടി. സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനവഗവേഷണ വകുപ്പുകളിൽ എം.എ. ഇസ്ലാമിക് ഹിസ്റ്ററി, ലിംഗ്വിസ്റ്റിക്സ്, അറബിക്, സംസ്കൃതം, എം.എസ്സി. ഡെമോഗ്രഫി, ആക്ച്ചൂറിയൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്, ഡാറ്റ സയൻസ്, കമ്പ്യൂട്ടർസയൻസ്, കമ്പ്യൂട്ടർസയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ AI, എം.ടെക്. കമ്പ്യൂട്ടർസയൻസ്, ഒപ്റ്റോ ഇലക്ട്രോണിക്സ്, ടെക്നോളജി മാനേജ്മെന്റ് എന്നീ പ്രോഗ്രാമുകൾക്ക് 2021 – 23 ബാച്ച് അഡ്മിഷന് SC,ST സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2021 ഒക്ടോബർ 6 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ് .

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ. ജർമൻ, റഷ്യൻ, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, എം.എസ്സി. കംപ്യൂട്ടേഷണൽ ബയോളജി, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ പ്രോഗ്രാമുകൾക്ക് 2021 –23 ബാച്ച് അഡ്മിഷന് SC സീറ്റ് ഒഴിവുണ്ട്.

പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2021 ഒക്ടോബർ 6 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ് .

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ. സോഷ്യോളജി, ഫിലോസഫി, ഇക്കണോമിക്സ്, ഹിന്ദി, പൊളിറ്റിക്കൽസയൻസ്, പൊളിറ്റിക്സ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് ഡിപ്ലോമസി, എം.എസ്സി. ഇന്റഗ്രേറ്റീവ് ബയോളജി, മാത്തമാറ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഫിനാൻസ് ആന്റ് കംപ്യൂട്ടേഷൻ, അപ്ലൈഡ് അക്വാകൾച്ചർ, എം.എസ്സി. ബോട്ടണി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ബയോഡൈവേഴ്സിറ്റി, എൻവിയോൺമെന്റൽ സയൻസ്, ക്ലൈമറ്റ് ചേഞ്ച് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്, ബയോ കെമിസ്ട്രി, ഫിസിക്സ്, എം.കോം. ഫിനാൻസ് ആന്റ് അക്കൗണ്ടിംഗ്, എം.കോം. ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻസ്, എം.എൽ.ഐ.എസ്.സി. എന്നീ പ്രോഗ്രാമുകൾക്ക് 2021 – 23 ബാച്ച് അഡ്മിഷന് ST സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2021 ഒക്ടോബർ 6 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ് .

തിരുവനന്തപുരം,
01.10.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**